# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**25/06/2012-ൽ മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3359 ന്റെ അന്തിമ മറുപടി**

സംസ്ഥാന സ്വയം സംരംഭക മിഷൻ മുഖേന വായ്പ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ.കെ.എം.മാണി<br>**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| (എ) | സംസ്ഥാന സ്വയം സംരംഭക മിഷൻ മുഖേന 20 ലക്ഷം രൂപ വീതമുള്ള വായ്പ അനുവദിക്കപ്പെട്ടവരുടെ പേരു വിവരങ്ങൾ വ്യക്തമാക്കുമോ ; | ഒന്നാംഘട്ട തെരഞ്ഞെടുപ്പിനും പരിശീലനത്തിനും ശേഷം 231 സംരംഭങ്ങൾ ഈ പദ്ധതിപ്രകാരമുള്ള വായ്പയ്ക്ക് അർഹത നേടിയിട്ടുണ്ട്. തുകയുടെ 90% ആണ് വായ്പയായി നൽകുന്നത്. ഒരു സംരംഭകന് 4 ലക്ഷം രൂപ എന്ന കണക്കിൽ, ഒരു ഗ്രൂപ്പിന് പരമാവധി 20 ലക്ഷം രൂപയാണ് വായ്പ അനുവദിക്കുന്നത്. 2 മുതൽ 5 പേർ വരെ അടങ്ങുന്നതാണ് ഒരു ഗ്രൂപ്പ്. ടെക്നോക്രാറ്റുകൾക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം. അവർക്ക് പരമാവധി 10 ലക്ഷം രൂപവരെ നൽകും. ലഭ്യമായ വിവരങ്ങളനുസരിച്ച് വായ്പ അനുവദിക്കപ്പെട്ട സംരംഭകരുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ബാക്കി സംരംഭകർക്കുള്ള വായ്പ അനുവദിക്കുന്ന - തിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | സ്വയം സംരംഭക മിഷൻ മുഖേനയുള്ള രണ്ടാംഘട്ട പരിശീലനം ആരംഭിച്ചോ ; | ആരംഭിച്ചു. |
| (സി) | ഇതിനായി തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരങ്ങൾ വെളിപ്പെടുത്തുമോ ? | തിരുവനന്തപുരം, ആലപ്പുഴ, തൃശൂർ ജില്ലകളിൽ രണ്ടാം ഘട്ട പരിശീലനത്തിന് നിലവിലുള്ള ലിസ്റ്റിൽ സംരംഭകർ അവശേഷിച്ചിട്ടില്ല. ഇവിടെ രണ്ടാം ഘട്ട പരിശീലനം അടുത്ത സെലക്ഷനു ശേഷം മാത്രമേ ഉണ്ടാകുകയുള്ളു. ബാക്കി ജില്ലകളിൽ രണ്ടാംഘട്ട പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ